(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2172/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി 23.12.2016

E-mail.lfadtvm@yahoo.in

Phone 0471 2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2172/2016 തിയ്യതി:23.12.2016

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.07.2016മുതൽ 20.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2016 മുതൽ 30.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സജി. കെ., (ഓഡിറ്റ് ഓഫീസർ) |
| | ശ്രീ. ടി. ചാക്കോ (അസി. ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി. ശാലിനി. വി.കെ.(സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീ. രജികുമാർ. എം., (ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. എൻ. സുഷമ 01.04.2015 മുതൽ 10.11.2015 വരെ |
| | ശ്രീ. ശാന്തകുമാർ 11.11.2015 മുതൽ 31.03.2016 വരെ |

| | |
|---|---|
| സെക്രട്ടറി | ശ്രീ. അഷറഫുദ്ദീൻ, 01.04.2015 മുതൽ 23.07.2015 വരെ<br>ശ്രീ. മോഹനൻ ചെട്ടിയാർ 23.07.2015 മുതൽ 06.08.2016 വരെ<br>ശ്രീമതി. എം. നൂർജഹാൻ 07.08.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ഫബീന. എച്ച്. | 01.04.2015 മുതൽ 06.08.2015 വരെ |
| | സഞ്ജു. പി. നായർ | 07.08.2015 മുതൽ 19.09.2015 വരെ |
| | ലേഖ. കെ.ആർ. | 19.09.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ശ്രീമതി. നദീന | 01.04.2015 മുതൽ 08.05.2015 വരെ |
| | ശ്രീമതി. പത്മകേസരി | 09.05.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വിദ്യ. ആർ. | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഒ.കെ. ആശാലത | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ. ജി. മധുസൂദനൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ലൈജു | 01.04.2015 മുതൽ 31.12.2015 വരെ |
| | ശ്രീമതി. സിന്ധു | 01.01.2016 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ.I | ശ്രീ. ഉണ്ണികൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ.II | ശ്രീമതി. ആര്യ ദിവാകരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ദീപ | ,, |
| അസി. സെക്രട്ടറി | ബൽജിത്ത് ജീവൻ | 01.04.2015 മുതൽ 21.07.2015 വരെ |
| | ശ്രീ. എം. അഷ്റഫ് | 22.07.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ | ഭാഗം 1 | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകളിൽ കുറവ് | 2-1 | |
| 13 | ലേലം അപാകതകൾ | 2-2 | |
| 14 | ഡി.&ഒ. ലൈസൻസ് - അപേക്ഷകളിൽ അപാകം | 2-3 | |
| 15 | കടകളിൽ നിന്നുള്ള വാടക - അപാകങ്ങൾ | 2-4 | |
| | ഭാഗം 3 | | |
| 16 | ക്വാറി മക്ക്ഫില്ലിംഗ് അധികനിരക്ക് അംഗീകരിക്കുന്നില്ല | 3-1 | |

| | | | |
|---|---|---|---|
| 17 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികനിരക്ക് നൽകി | 3-2 | |
| 18 | തൊഴുത്ത് നിർമ്മാണത്തിന് തുക കൈപ്പറ്റി-നിർമ്മാണം നടത്തിയിട്ടില്ല | 3-3 | |
| 19 | ചെലവു വൗച്ചറുകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-4 | |
| 20 | വാട്ടർ അതോറിറ്റി/കെ.എസ്.ഇ.ബി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 | |
| 21 | പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 3-6 | |
| 22 | ചെലവഴിക്കാത്ത ഡി.ഡി. തുകകൾ തിരിച്ചടച്ചില്ല - ധനദുർവിനിയോഗം | 3-7 | |
| 23 | ഇൻഷ്വറൻസ് ഇല്ലാതെ ഓടുന്ന പഞ്ചായത്ത് വാഹനം | 3-8 | |
| 24 | ജാഗ്രതാസമിതി-പദ്ധതി നടപ്പാക്കിയില്ല | 3-9 | |
| 25 | തെരുവ് വിളക്ക് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-10 | |
| 26 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് - ചെലവു രേഖകൾ പൂർണ്ണമല്ല | 3-11 | |
| 27 | പശ്ചിമഘട്ട വികസന പദ്ധതി-ചെലവഴിക്കാതെ ലക്ഷങ്ങൾ | 3-12 | |
| 28 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല | 3-13 | |
| 29 | ഹയർസെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകിയത് ചുമതലാവിരുദ്ധം | 3-14 | |
| 30 | എൻ.ആർ. സുകുമാരൻ നായർ ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല | 3-15 | |
| 31 | ആശ്രയപദ്ധതി-മരുന്നുവിതരണത്തിൽ അവ്യക്തത | 3-16 | |
| 32 | പാലിയേറ്റീവ് കെയർ-വാഹനങ്ങൾ സംബന്ധിച്ച് | 3-17 | |

| | | | |
|---|---|---|---|
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28.03.2015 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 191688681/- രൂപ വരവും 188556944/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | – | – |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 28920384 |
| വരവ് | 42260348 |
| ആകെ | 71180732 |
| ചെലവ് | 56116126 |
| നീക്കിബാക്കി | 15064606 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3202803 | 6423180 | 4954855 | 14580838 | 14580838 | 0 | 100% |
| വികസന ഫണ്ട്(എസ്.സി.പി) | 3025498 | 4145520 | -992939 | 6178079 | 6178079 | 0 | 100% |
| വികസനഫണ്ട് (ടി.എസ്.പി) | 26000 | - | -26000 | 0 | - | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1015832 | 3004894 | 0 | 4020726 | 4020726 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1032263 | 2387646 | 0 | 3419909 | 3419909 | 0 | 100% |
| 13-ം ധനകാര്യ കമ്മീഷൻ അവാർഡ് | 2931372 | 6784346 | -1936584 | 7779134 | 7779134 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 4093670 | 1956979 | -1999332 | 4051317 | 4051317 | 0 | 100% |
| എം.എൻ. ആർ. ഇ.ജി.എസ് | 108600 | 23429780 + 1218 (പലിശ) | 0 | 23538383+1218 | 23538383 | 1218 | 100% |
| ബി ഫണ്ട് | - | 37134491 | 0 | 37134491 | 37134491 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9009776 | 7862356 | 0 | 16872132 | 6247549 | 10624583 | 37% |
| തനത് ഫണ്ട് ഇംപ്രസ്റ്റ് | 3594116 | 1326137 | 0 | 4920253 | 920473 | 3999780 | 18.7% |

| | | | | | | | |
|---|---|---|---|---|---|---|---|
| സാക്ഷരത | 266927 | 116805 | 0 | 383732 | 0 | 383732 | 0 |
| ക്യാഷ്-ഇൻ-ഹാന്റ് | 613527 | 55293 | 0 | 668820 | 613527 | 55293 | 0 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദനികുതി | 3180 | 12400 | 9220 | 28.9% |
| തൊഴിൽ നികുതി | 1423890 | 340290 | -(1083600) | -(76.1%) |
| കെട്ടിട നികുതി | 2496386 | 1448894 | -(1047492) | -(41.96%) |
| നികുതിയേതര വരവുകൾ | | | | |
| ലേലം (Market) | 1511553 | 721172 | -(790381) | -(52.2%) |
| ഷോപ്പിംഗ് കോംപ്ലക്സ് | 1126065 | 1185626 | 59561 | 5.3% |
| ഡി & ഒ ലൈസൻസ് | 87000 | 1123579 | 1036574 | 119% |
| മറ്റ് വരവുകൾ | 2600369 | 28808 | -(2271561) | -87.3% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 997880 | 570 |
| കർഷകതൊഴിലാളി പെൻഷൻ | 8358420 | 1321 |
| വിധവാപെൻഷൻ | 11197600 | 122 |
| വാർദ്ധക്യകാലപെൻഷൻ | 13739460 | 1658 |
| വികലാംഗപെൻഷൻ | 2516470 | 283 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 475880 | 235 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2016-ൽ രാവിലെ 10.15-ന് നടത്തുകയുണ്ടായി. 395/-രൂപയുടെ ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്റ്റോക്ക്/വിതരണ രജിസ്റ്ററുകളുടെ പരിപാലനം കൃത്യമല്ല. അംഗീകാരം വാങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തി.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.11.2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 29.03.2016 | 2010-11 മുതൽ 2014-15 വരെ | 01/11/2016 |

## 2-1 പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകളിൽ കുറവ്

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന നടപടികൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യബോർഡുകളും കട്ട് ഔട്ടുകളും പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും പരസ്യനികുതിയിനത്തിൽ യാതൊരു തുകയും വരവില്ല. കൂടാതെ ഓഡിറ്റ് എൻക്വയറി നം. 8-ന് നല്കിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ 8 ഓളം മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി അറിയിച്ചെങ്കിലും ലൈസൻസ് ഫീ ഇനത്തിൽ ഇവരിൽ നിന്നും തുക ഈടാക്കിയിട്ടില്ല. ഒരു തിയേറ്റർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. ഇതിൽ നിന്നും വിനോദനികുതിയിനത്തിൽ 12,400/-രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. മാർക്കറ്റ് ലേലത്തിൽ 75% ഓളം 2014-15 വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഡി.&ഒ ലൈസൻസ് ഫീ ഇനത്തിലുള്ള കുറവ് വന്നു ഭവിച്ചു. വരുമാന ചോർച്ച വരാതിരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സത്വരമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 കല്ലറ പബ്ലിക് മാർക്കറ്റിലെ ഇറച്ചി വ്യാപാരം

7/3/2015, 18/3/2015, 31/3/2015, 18/4/2015 തീയതികളിൽ ലേലവും പുനർലേലവും നടത്തിയതായി 14/05/2015-ലെ II(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ 2014-15 വർഷത്തെ അപേക്ഷിച്ച് വളരെ കുറഞ്ഞ തുകക്കാണ് ലേലം/ക്വട്ടേഷൻ അംഗീകരിച്ചത്.

| ക്രമ നം. | | 2014-15 | 2015-16 |
|---|---|---|---|
| 1 | കല്ലറ പബ്ലിക് മാർക്കറ്റിലെ 11-ാം നമ്പർ കടമുറിയിൽ മാട്ടിറച്ചി വ്യാപാരം | 6,50,001/- | 1,26,000/- |
| 2 | ടി 12-ാം നമ്പർ കടമുറി | 6,50,001/- | 1,21,000/- |
| 3 | 13-ാം നമ്പർ കടമുറി ആട്ടിറച്ചി | 77,500/- | 30,000/- |
| 4 | 14-ാം നമ്പർ കടമുറി ആട്ടിറച്ചി | 45,500/- | 28,000/- |
| 5 | കല്ലറ മാർക്കറ്റിൽ സ്ലാട്ടർ ഹൗസ് നടത്തിപ്പ് | 1,15,001/- | 26,000/- |
| | | 15,38,003/- | 3,31,000/- |

12,07,003/-രൂപയുടെ കുറവ് ലേലം ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. അതായത് മുൻവർഷത്തെ അപേക്ഷിച്ച് 78.48% തുകയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. വരുമാന കുറവിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി&ഒ ലൈസൻസ് - അപേക്ഷകളിൽ അപാകം

ഡി&ഒ ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള ചില അപേക്ഷകളിൽ ദൈനംദിന വിറ്റുവരവിനെ സംബന്ധിച്ച കോളം പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് നൽകേണ്ടത് ഇതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പഞ്ചായത്ത് അധികൃതർ ഒരു തുക ദൈനംദിന വിറ്റുവരവായി ചേർത്ത് ലൈസൻസ് നൽകിയിരിക്കുന്നു.ചില ഉദാഹരണങ്ങൾ.

1) ലൈസൻസ് നം.04/2015-16 ഡി&ഒ രജിസ്റ്റർ (P.3)
വി. ചന്ദ്രൻ, ഫർണിച്ചർ വ്യാപാരം
കെട്ടിട നം.1920-1926 വരെ
ദൈനംദിന വിറ്റുവരവ് - 2500/- (പഞ്ചായത്തിന്റെ അസസ്സ്മെന്റ്)
നിശ്ചയിച്ച ഫീസ് - 500/-രൂപ
2). ലൈസൻസ് നം.32/2015-16
ഹാഷിം - ഇന്റർ ലോക്ക് ടൈൽസ് നിർമ്മാണം
ദിവസേനയുള്ള വിറ്റുവരവ് - 2000/- (പഞ്ചായത്ത് അസസ്മെന്റ്)
ചുമത്തിയ ഫീസ് - 500 (5HP മോട്ടോർ എന്ന് കാട്ടി)
3). ലൈസൻസ് നം.13/2015-16
അബ്ദുൾ ഖലാം, മംന മൻസിൽ, കല്ലറ
പൗൾട്രി ഫാം
ദിവസേനയുള്ള വിറ്റുവരവ് - 1400/-രൂപ (പഞ്ചായത്ത് അസസ്മെന്റ്)
ചുമത്തിയ ഫീസ് - 200/-രൂപ

ഓഡിറ്റ് എൻക്വയറി 3നുള്ള മറുപടിയിൽ വിറ്റുവരവ് കണക്കാക്കിയതിൽ അപാകം സംഭവിച്ചിട്ടുണ്ടെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിലെ പ്രധാന ജംഗ്ഷനായ കല്ലറയിൽ 400ലേറെ കടമുറികളുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞു. പഞ്ചായത്തൊട്ടാകെ 700ലധികം കടമുറികൾ ഉണ്ടെന്ന് കണക്കാക്കിയാലും ഡി.&ഒ. ഡിമാന്റ് തുലോം കുറവാണ്. 2015-16-ൽ ആകെ 239 കടകളിൽ നിന്നാണ് ലൈസൻസ് പിരിച്ചിരിക്കുന്നത്.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 91050 | 86350 | 4700 |

ലൈസൻസ് ഫീസ് ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് അധികാര പരിധിക്കുള്ളിൽ കച്ചവടം നടത്തുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലിസ്റ്റ് അടിയന്തിരമായി തയ്യാർ ചെയ്യേണ്ടതും, കൃത്യമായ ഡിമാന്റ് നടത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. നിരവധി സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, പെട്രോൾ പമ്പുകൾ എന്നിവ കല്ലറയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നാമമാത്രമായാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.ഉദാഹരണം:

| ക്രമ നം. | | ദിവസേനയുള്ള വിറ്റുവരവ് | ലൈസൻസ് തുക |
|---|---|---|---|
| 1 | താജ്മഹൽ ജ്വല്ലറി ലൈസൻസ് നം.96/15-16 | 25,000/- | 10000/- |
| 2 | എം.എസ്. ഓഡിറ്റോറിയം (കല്ല്യാണമണ്ഡപം)ലൈസൻസ് നം.43/2015-16 | 12,000/- | 500/- |

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിക്കേണ്ടതാണ്.

## 2-4 പഞ്ചായത്തിന്റെ അധീനതയിലുള്ള കടകളിൽ നിന്നുള്ള വാടക-അപാകതകൾ

താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. വാടകയ്ക്കെടുത്തിട്ടുള്ള വ്യക്തികൾ പഞ്ചായത്തുകരാറിൽ ഏർപ്പെട്ടിട്ടില്ല.
2. വാടകക്കാരിൽ നിന്നും മതിയായ തോതിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയിട്ടില്ല.

   ഉദാഹരണം: കടമുറി നം.13-സെക്യൂരിറ്റി ഡെപ്പോസിറ്റ് - 188/-രൂപഗോപി, സുനിഭവൻ
3. വാടകക്കുടിശ്ശിക പിരിച്ചെടുക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

   അപാകതകൾ പരിഹരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ബൈല പ്രകാരം സെക്യൂരിറ്റ് ഡെപ്പോസിറ്റ് കാലികമായി പരിഷ്കരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്വാറിമക്ക് ഫില്ലിങ്ങ് - അധിക നിരക്ക് അംഗീകരിക്കുന്നില്ല

വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ക്വാറിമക്ക് ഉപയോഗിച്ച് നിറച്ചതായി റോഡ്/കോൺക്രീറ്റ് പ്രവൃത്തികളിൽ കാണുന്നു. ഇത് നിരീക്ഷണ ഡാറ്റാ പ്രകാരമാണ് (observed data) നടത്തിയിട്ടുള്ളത്. 300$m^3$ ക്വാറിവേസ്റ്റിനു പകരം 384$m^3$ ക്വാറിമക്ക് ഉപയോഗിച്ചാണ് ഡാറ്റാ തയ്യാർ ചെയ്തിട്ടുള്ളത്. വോയിസ് (ശൂന്യസ്ഥലം) കൂടി കണക്കാക്കിയാണ് ഡാറ്റാ തയ്യാർ ചെയ്തതെന്ന് പറയുന്നു. എന്നാൽ 300$m^3$ നു പകരം 384$m^3$അനുസരിച്ച് ഡാറ്റാ തയ്യാർ ചെയ്യാമെന്ന് DSR-ൽ വ്യവസ്ഥയില്ല. മാത്രവുമല്ല ഇത് അനുവദിക്കാമെന്ന സർക്കാർ ഉത്തരവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

Observed data ഇപ്രകാരമാണ്.

Filling up of low lying and water logged areas with local material/quarry muck spreading in layers, levelling the top at site and consolidation by ramming etc. complete.

| Details of cost for 300cum | Rate Rs. | നല്കിയത് | അനുവദനീയമായത് |
|---|---|---|---|
| മെറ്റീരിയൽ 384cum<br>(A) മാർക്കറ്റ് റേറ്റ് | 800 | 307200 | 300 x 800 = 2,40,000 |

| ലേബർ | DSR Code | | | | |
|---|---|---|---|---|---|
| [B] | 128 | Mate | 0.4 @ 363 | 145.20 | 145.20 |
| | 139 | skilled Beldar | 2 x 363 | 726.00 | 726.00 |
| | 114 | Beldar | 8 x 329 | 2632.00 | 2632.00 |
| ആകെ | | | | 3,10,703.20 | 2,43,503.20 |

| | നല്കിയത് | അനുവദനീയം |
|---|---|---|
| B/F | 310703.20 | 2,43,503.20 |
| A. മെറ്റീരിയൽ കോസ്റ്റ് | 307200 | 2,40,000 |
| വാട്ടർ ചാർജ്ജ് 1% മെറ്റീരിയൽ കോസ്റ്റ് | 3072 | 2400 |
| ആകെ (A) | 3,10,272 | 2,42,400 |
| B). മാർക്കറ്റ് റേറ്റ് ഒഴികെ (ലേബർ) | 3503.2 | 3503.2 |
| 1% വാട്ടർ ചാർജ്ജ് | 35.032 | 35.032 |
| ആകെ (B) | 3538.23 | 3538.23 |
| (A + 1.42857 B) =[Cost index 1.42857] | 3,15,326.61 | 2,47,454.61 |
| Add C.P. O.H. 15% | 47298.99 | 37118.19 |
| ആകെ 300$m^3$-ന് | 3,62,625.60 | 2,84,572.80 |
| 1$m^3$ ന് | 1208.75 | 948.58 |

| | | |
|---|---|---|
| ബെനിഫിഷ്യറി കമ്മിറ്റികൾക്ക് CCP ഇല്ലാതെ | 1051.09 | 824.84 |

അധികമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. ഓഡിറ്റ് എൻക്വയറി 9-ന് നല്കിയ മറുപടിയിൽ 22% അധികം മെറ്റീരിയൽ Void Fill ചെയ്യാൻ എടുത്തതാണെന്ന് അറിയിച്ചു. DSR പ്രകാരം ഇത്ര വലിയ അളവ് void filling-ന് വ്യവസ്ഥ ചെയ്യുന്നില്ല. ആയതിനാൽ അധികം തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് | ഗുണഭോക്തൃസമിതി കൺവീനർ/കോൺട്രാക്ടർ | എം. ബുക്ക് നം. | ബിൽ/ഡി.ഡി. നം. | നല്കിയ തുക | ക്വാറിമക്ക് ഫില്ലിങ്ങ് അനുവദനീയം | ഓഡിറ്റിന് നല്കിയത് |
|---|---|---|---|---|---|---|---|---|---|---|
| 1 | 90/16 | മാടൻനട-നെല്ലിടപ്പാറ റോഡ് കോൺക്രീറ്റ് ഇനം-1 | 4,00,000 | 3,97,986 | ഷർനാദ് കെ.എച്ച്. (B.C.) | 307/15-16 | 524886 തീയതി 21.10.2015 | 57.4m$^3$ @1051 = 60332.56 | 57.4m$^3$ @ 824.84 = 47345.82 | 12986.74 |
| 2 | 177/15 | മാടൻനട മൈലോട്ട്കോണം റോഡ് പുനരുദ്ധാരണം ഇനം 3 | 4,00,000 | 399886 | വിജയൻപിള്ള (B.C.) | 309/15-16 | 980590 തീയതി 9.11.15 | 84m$^3$ @1048.94 = 88110.96 | 84m$^3$ @824.84 = 69286.56 | 18824.4 |
| 3 | 56/16 | തോട്ടംപുറം-പള്ളിമുക്ക് റോഡ് പുനരുദ്ധാരണം ഇനം-2 | 200866 | 200060 | സലിം (B.C) | 190/15-16 | 521076 തീയതി 6/8/15 | 33.73m$^3$ @1051.09 =35421.73 | 33.7m$^3$ 824.84 = 27797.11 | 7624.62 |
| 4 | 16/16 | കല്ലറ-വളകുഴിപച്ച-മഹാദേവ റോഡ് കോൺക്രീറ്റ് ഇനം-2 | 150000 | 141894 | സി. ബാബുരാജ് | 508/15-16 | 985558 തീയതി 16/2/16 | 16.607m$^3$ @1051.09 = 17455.45 | 16.607 @ 824.84 = 13698.12 | 3757.33 |
| 5 | 33/16 | തമ്പുരാട്ടി മൂലക്ഷേത്രം-തെങ്ങുംകോട് ഏലാറോഡ് ഇനം-1 | 4,50,000 | 4,50,000 | ആർ. അപ്പുക്കുട്ടൻ നായർ | 452/15-16 | 983991 തീയതി 20.01.2016 | 79.2 m$^3$ @1051.09 = 83246.33 | 79.2m$^3$ @824.84 = 65327.33 | 17919 |
| 6 | 24/16 | വെള്ളംകടി പാറമുകൾ കോളനി റോഡ് ഇനം-2 | 4,40,000 | 4,40,000 | സദാശിവൻ | 561/15-16 | 098419 തീയതി 20/4/16 | 24.750m$^3$ @1051.09 = 26014.48 | 24.750m$^3$@824.84 = 20414.79 | 5599.69 |
| 7 | 59/16 | വെട്ടവിള-മാത്തുവാതുക്കൽ റോഡ് പുനരുദ്ധാരണം ഇനം-14 | 6,97,583 | 49/054 | ഗോപാലകൃഷ്ണൻ നായർ | 306/15-16 | 773644 തീയതി 16/3/16 | 14m$^3$ @1208.75m$^3$ = 16922.50 | 14m$^3$ @824.84 = 11547.76 | 5374.74 |
| | | | | | | | | അധികം നൽകിയത് | | 72086.52 |

ഈ തുക ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-2 ഐ.സി.ഡി.എസ്. സൂപ്പർവൈസർ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് - അധികതുക നൽകി

പ്രോജക്റ്റ് നം. - S0069/16
പേര് - അനുപൂരക പോഷകാഹാര പരിപാടി
ബിൽ നം. - 001/15/23-9-15 - 221072
,, - 002/15/28- 10-2015 - 235169
,, - 003/15/29-12-2015 189206
,, - 004/15-16/29-03- 2016 - 123324
,, - 005/15-16/AWF/29-03 -2016 - 231225
ജി.ഒ.(ആർ.ടി) 883/2011/ത.സ്വ.ഭ.വ. തീയതി 26.03.2011 പ്രകാരം എല്ലാവിധ ഭക്ഷണസാധനങ്ങളുടേയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 1കിലോ ഗ്രാമിന് 50 പൈസയാണ് നൽകേണ്ടത്.
എന്നാൽ പ്രോജക്റ്റ് നം.S0069/16 പ്രകാരം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പരിപാടിയിൽ 1 കി.ഗ്രാം ഭക്ഷണസാധനത്തിന് 2രൂപ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയതായി കാണുന്നു.

| ക്രമ നം. | ഭക്ഷണസാധനങ്ങളുടെ ആകെ ഭാരം | നൽകാവുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | നൽകിയത് | വ്യത്യാസം |
|---|---|---|---|---|
| 1 | 1400 കി.ഗ്രാം അരി | 700/- | 2800/- | 2100/- |
| 2 | 400കി.ഗ്രാം അരി | 200/- | 800/- | 600/- |
| 3 | 500 കി.ഗ്രാം അരി | 250/- | 1000/- | 750/- |
| 4 | കല്ലറ നീതി സ്റ്റോറിൽ നിന്നും വാങ്ങിയ ആകെ 2217 കി.ഗ്രാം സാധനം | 1108.5/- | 4434/- | 3325.5/- |
| 5 | കല്ലറ നീതി സ്റ്റോറിൽ നിന്നും വാങ്ങിയ ആകെ 2154 കി.ഗ്രാം സാധനം | 1077/- | 4308/- | 3231/- |
| 6 | THRS ന്യൂട്രിമിക്സ് 441 കി.ഗ്രാം | 220.5/- | 882/- | 661.5/- |
| 7 | അരി 700 കി.ഗ്രാം<br>അരി 700 കി.ഗ്രാം | 700/- | 2800/- | 2100/- |
| 8 | കല്ലറ നീതി സ്റ്റോറിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ആകെ ഭാരം 1983 കി.ഗ്രാം | 991.5/- | 3966/- | 2974.5/- |
| 9 | കല്ലറ നീതി സ്റ്റോറിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ആകെ ഭാരം 1921 കി.ഗ്രാം | 960.5/- | 3842/- | 2881.5/- |
| 10 | കല്ലറ നീതി സ്റ്റോറിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ആകെ ഭാരം 2388 കി.ഗ്രാം | 1194/- | 4776/- | 3582/- |
| 11 | അരി 700 കി.ഗ്രാം | 350/- | 1400/- | 1050/- |

| | | | | |
|---|---|---|---|---|
| | ആകെ | | | 23256/- |

ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായല്ലാതെ അധികമായി നൽകിയ 23256/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഇതിന് മതിയായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-3 തൊഴുത്ത് നിർമ്മാണത്തിനത് തുക കൈപ്പറ്റി - തൊഴുത്ത് നിർമ്മിച്ചിട്ടില്ല

പ്രോജക്ട് നമ്പർ. - SO184/16

പേര് - തൊഴുത്ത് നിർമ്മാണം (വനിത)
ബിൽ നം. - LSG, Bill No.1/15-16
LSG, Bill No.3/15-16 - 20000
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

1. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 53 ഗുണഭോക്താക്കൾക്ക് തൊഴുത്ത് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ ശ്രീമതി. വിജയകുമാരി അമ്മ, ബിന്ദു ഭവൻ, ഉമ്പോട് എന്ന ഗുണഭോക്താവ് ചെക്ക് നം.777069/07.04.2016 പ്രകാരം 10000/-രൂപ കൈപ്പറ്റിയെങ്കിലും തൊഴുത്ത് നിർമ്മിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ പുതുതായി തൊഴുത്ത് നിർമ്മിക്കുന്നതിനായി നൽകിയ 10000/-രൂപ ടിയാരിയിൽ നിന്ന് പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം വെറ്റിനറി സർജന്റെ ബാധ്യതയായിരിക്കും.
2. പ്രസ്തുത പ്രവൃത്തിയിൽ ശ്രീമതി, ശ്രീലോചന, ഷൈൻ വിലാസം എന്ന വ്യക്തി ഡി.ഡി. തുക കൈപ്പറ്റിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് നൽകിയ മറുപടിയിൽ ടി ഗുണഭോക്താവ് തൊഴുത്തു നിർമ്മാണം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചതെന്നും അവർ ഡി.ഡി. വാങ്ങാൻ ഹാജരായാൽ ഉടൻതന്നെ റീ വാലിഡേറ്റ് ചെയ്ത് ഡി.ഡി. നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജി.ഒ.(പി)177/2006/ധനം. തീയതി 12.04.2006 പ്രകാരം ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ഡി.ഡി. തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ഗുണഭോക്താവ് ഡി.ഡി. കൈപ്പറ്റാത്ത പക്ഷം ഡി.ഡി. ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. - SO184/16
പേര് - തൊഴുത്ത് നിർമ്മാണം (വനിത)
ബിൽ നം. - LSG, Bill No.1/15-16
LSG, Bill No.3/15-16 - 20000
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

1. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 53 ഗുണഭോക്താക്കൾക്ക് തൊഴുത്ത് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ ശ്രീമതി. വിജയകുമാരി അമ്മ, ബിന്ദു ഭവൻ, ഉമ്പോട് എന്ന ഗുണഭോക്താവ് ചെക്ക് നം.777069/07.04.2016 പ്രകാരം 10000/-രൂപ കൈപ്പറ്റിയെങ്കിലും തൊഴുത്ത് നിർമ്മിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ പുതുതായി തൊഴുത്ത് നിർമ്മിക്കുന്നതിനായി നൽകിയ 10000/-രൂപ ടിയാരിയിൽ നിന്ന് പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം വെറ്റിനറി സർജന്റെ ബാധ്യതയായിരിക്കും.
2. പ്രസ്തുത പ്രവൃത്തിയിൽ ശ്രീമതി, ശ്രീലോചന, ഷൈൻ വിലാസം എന്ന വ്യക്തി ഡി.ഡി. തുക കൈപ്പറ്റിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് നൽകിയ മറുപടിയിൽ ടി ഗുണഭോക്താവ് തൊഴുത്തു നിർമ്മാണം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചതെന്നും അവർ ഡി.ഡി. വാങ്ങാൻ ഹാജരായാൽ ഉടൻതന്നെ റീ വാലിഡേറ്റ് ചെയ്ത് ഡി.ഡി. നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജി.ഒ.(പി)177/2006/ധനം. തീയതി 12.04.2006 പ്രകാരം ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ഡി.ഡി. തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ഗുണഭോക്താവ് ഡി.ഡി. കൈപ്പറ്റാത്ത പക്ഷം ഡി.ഡി. ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്.

## 3-4 ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

2015 ജൂൺ, നവംബർ എന്നീ മാസങ്ങളിലെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷന് മറുപടിയായി വൗച്ചറുകൾ misplaced ആയതാണെന്നും, വൗച്ചറുകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ജൂൺ 2015-ലെ ചെലവ് തുക 836435/- രൂപയും നവംബർ 2015-ലെ ചെലവ് തുക 843635/-രൂപയുമാണ്. ചെലവ് വൗച്ചറുകളുടെ അഭാവത്തിൽ ജൂൺ, നവംബർ എന്നീ മാസങ്ങളിലെ ചെലവ് തുക 1680070/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വാട്ടർ അതോറിറ്റി/കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക | ബിൽ നം. | റിമാർക്സ് |
|---|---|---|---|---|
| 1 | SO122/15-16 വളക്കുഴിപച്ച കുന്നംപുറം പട്ടികജാതി കോളനിയിലേയ്ക്ക് കെ.ഡബ്ല്യൂ.എ. പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | 163340 | ഡി.ഡി.നം.772394/ 25.02.2016 ഡി.ഡി.നം.772395/ 25.02.2016 | വിനിയോഗ സാക്ഷ്യപത്രം എഗ്രിമെന്റ് ഇല്ല |
| 2 | SO123/15-16 ആനാംപച്ച പട്ടികജാതി കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | 259335 | ഡി.ഡി.നം.772394/ 26.12.2016 | ,, |
| 3 | SO11/15-16 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 70836 | ഡി.ഡി.നം.1024267/ 06.10.2015 ചെക്ക് നം.9819/ 13.10.2015 ചെക്ക് നം.10004/ 04.03.2016 ചെക്ക് നം.4675980/ 11.03.2016 | വിനിയോഗ സാക്ഷ്യപത്രം എഗ്രിമെന്റ് ഇല്ല |
| 4 | SO118/15-16 അംഗൻവാടികൾക്കും സ്കൂളുകൾക്കും വാട്ടർ കണക്ഷൻ | 432135 | ചെക്ക് നം.773680/ 16.03.2016 | ,, |
| | ആകെ | 925646 | | |

മേൽകാരണങ്ങളാൽ 925646/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയും കരാർ ചമയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി പദ്ധതികളൊന്നും തന്നെ പൂർണ്ണമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക | ചെലവ് തുക/ബിൽ നം. | അഭിപ്രായം |
|---|---|---|---|---|
| 1 | കക്കൂസ് നിർമ്മാണം 102/16 | 672000 വികസന ഫണ്ട് (എസ്.സി.പി.) | 244000/- (ബിൽ നം.6/ 21.01.2016) 9/27.02.2016, 16/29.03.2016, 18/31.03.2016) | 84 പേർക്കായി ആവിഷ്കരിച്ച പദ്ധതിയിൽ 25 പേർ മാത്രമാണ് പദ്ധതി പൂർത്തീകരിച്ചത്. പി. ബാബു എന്ന ഗുണഭോക്താവ് 4000/-രൂപ മാത്രം കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല. |
| 2 | വീട് മെയിന്റനൻസ് | 1075000 | 875000 (ബിൽ നം.14/ 28.03.2016) | ലീല എന്ന ഗുണഭോക്താവ് ആദ്യ ഗഡു 12000 രൂപ കൈപ്പറ്റിയെങ്കിലും പണി നടത്തിയിട്ടില്ല. |
| 3 | കിണർ നിർമ്മാണം 132/16 | 276000 വികസന ഫണ്ട് | 175000 (ബിൽ നം.15/29.03.2016, 19/31.03.2016) | 1,00,000/- രൂപയുടെ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. |

ക്രമ നം.1, 2 എന്നിവയിൽ പണി നടത്താത്ത വ്യക്തികളിൽ നിന്നും എഗ്രിമെന്റ് പ്രകാരം തുക ഈടാക്കുകയോ പദ്ധതി നടത്തുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ക്രമ നം.3-ൽ രേഖകളുടെ അഭാവത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-7 ചെലവഴിക്കാത്ത ഡി.ഡി. തുകകൾ തിരിച്ചടച്ചില്ല-ധനദുർവിനിയോഗം

ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി)177/2006/ധനം തീയതി 12.04.2006 ഉത്തരവ് 8.3 പ്രകാരം ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ഡി.ഡി. തുകകൾ ട്രഷറി ചെലാൻ വഴി തിരിച്ചടയ്ക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. വിവിധ പദ്ധതികൾക്കായി അസി. സെക്രട്ടറി ഡി.ഡി.യായി സൂക്ഷിച്ചിരുന്ന തുകകൾ നാളിതുവരെ വിതരണം ചെയ്യുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ഗുണഭോക്താവ് | ഡി.ഡി.നം./തീയതി | തുക |
|---|---|---|---|---|
| 1 | കക്കൂസ് നിർമ്മാണം (എസ്.സി.) 102/16 9/27.02.2016 (ബിൽ നം.18/31.03.2016 - 4000) | വിജയമ്മ | 776262/31.03.2016 | 4000 |
| | | ബാബു. പി. | 98711/12.04.2016 | 4000 |
| | | സുമംഗല | 98716/12.04.2016 | 4000 |
| | | വിജയമ്മ | 98720/12.04.2016 | 4000 |
| | | ശശികല | 98719/12.04.2016 | 4000 |
| | | നാണി | 772993/30.032016 | 4000 |
| | | ലീല. കെ. | 984136/25.12.2015 | 4000 |
| | | നാണി | 984133/25.12.2015 | 4000 |
| | | വാസുദേവൻ | 772984/30.03.2016 | 4000 |
| | | സുമംഗല | 773005/30.03.2016 | 4000 |
| | ആകെ | | | 40000 |

| | | | | |
|---|---|---|---|---|
| 2 | കിണർ നിർമ്മാണം (എസ്.സി.) 132/16 | അമ്മു | 776258/31.03.2016<br>98724/12.04.2016 | 10000<br>5000<br>15000 |
| 3 | വീട് മെയിന്റനൻസ് (എസ്.സി.) 106/16 | ശാരദ | 778511/30.03.2016 | 12000 |
| | | ,, | 777655/30.03.2016 | 13000 |
| | | ഇന്ദിര | 984115/25.12.2015 | 12000 |
| | | ,, | 777666/30.03.2016 | 13000 |
| | | ഓമന. സി. | 773028/30.03.2016 | 12000 |
| | | ഓമന. സി | 773635/30.03.2016 | 13000 |
| | | സതി | 775808/30.03.2016 | 12000 |
| | | ,, | 777652/30.03.2016 | 13000 |
| | | ലീല | 773632/30.03.2016 | 13000 |
| | | ആകെ | | 113000 |
| | ആകെ 1,68,000/-രൂപ | | | |

ഓഡിറ്റ് എൻക്വയറി 15-ൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. തുക തിരികെ അടയ്ക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത്രയധികം കാലം ഡി.ഡി.കൾ കൈവശം സൂക്ഷിച്ചതുമൂലം ടി തുകയ്ക്കുള്ള പലിശ തുക നഷ്ടപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഈ ഇത്തരം പ്രവൃത്തിക്കായ് 2015-16-ലെ ചെലവ് ശതമതാനം പെരുപ്പിച്ച് കാണിച്ചതായും വിലയിരുത്തുന്നു.

## 3-8 ഇൻഷ്വറൻസില്ലാതെ ഓടിക്കുന്ന പഞ്ചായത്ത് വാഹനം

പഞ്ചായത്ത് വാഹനമായ ബൊലീറോ ജീപ്പിന് (കെ.എൽ.21 സി.1133) യഥാസമയം ഇൻഷ്വറൻസ് പുതുക്കുന്നതിൽ അധികൃതർ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. 29.05.2014-ൽ ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞശേഷം 05.06.2014-ൽ ആണ് പ്രീമിയം ഒടുക്കിയത്. ഇതിന്റെ കാലാവധി 04.06.2015-ൽ കഴിഞ്ഞെങ്കിലും 13.07.2016-ൽ മാത്രമാണ് ഇൻഷ്വറൻസ് പുതുക്കിയിരിക്കുന്നത്. എന്നാൽ ലോഗ് ബുക്ക് പ്രകാരം ഇൻഷ്വറൻസ് അടയ്ക്കാൻ വീഴ്ച വരുത്തിയ കാലയിളവിലെല്ലാം പഞ്ചായത്ത് വാഹനം ഓടിയിട്ടുണ്ട്. മോട്ടോർ വാഹന നിയമപ്രകാരം വാഹനം ഓടിയ്ക്കുമ്പോൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഇൻഷ്വറൻസ് പേപ്പറുകൾ ഇല്ലാതെ വാഹനം ഓടിയത് ഗുരുതരമായ വീഴ്ചയാണ്. ജി.ഒ.(എം.എസ്.)170/07 ത.സ്വ.ഭ.വ. 30.06.2007-ലെ നിർദ്ദേശപ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിച്ച് സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12-ന് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-9 ജാഗ്രതാസമിതി - പദ്ധതി നടപ്പിലാക്കിയില്ല

സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ചൂഷണങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ അവയെ ചെറുത്ത് നിൽക്കുന്നതിനും അതിജീവിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടിയുള്ളതാണ് ജാഗ്രതാസമിതി. പ്രോജക്ട് നം.SO0070/16 പ്രകാരം 10000/-രൂപ വകയിരുത്തി ജാഗ്രതാസമിതി പ്രവർത്തനത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉളവാക്കുന്നതിനും അഡ്വക്കേറ്റിന് സിറ്റിംഗ് ഫീസ് നൽകുന്നതിനും ഓഫീസിനാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് പദ്ധതി വച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

വാർഡുതല ജാഗ്രതാസമിതികൾ രൂപീകരിക്കുകയോ വനിതാ അഡ്വക്കേറ്റിനെ നാമനിർദ്ദേശം ചെയ്യുകയോ ചെയ്തിട്ടില്ല. ജാഗ്രതാസമിതിയുടെ ഭാഗമായി പരാതിപ്പെട്ടി സ്ഥാപിച്ചിട്ടില്ല. പരാതികളൊന്നും ഇത് സംബന്ധിച്ച് ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം.18-ന് മറുപടി നൽകിയിരിക്കുന്നത്. പരാതിപ്പെട്ടികൾ സ്ഥാപിച്ചും വാർഡ്തല

സമിതികൾ സംഘടിപ്പിച്ചും വനിത അഡ്വക്കേറ്റിനെ നിയമിച്ചും ജാഗ്രതാസമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

## 3-10 തെരുവുവിളക്ക് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഉത്തരവ് നം.ജി.2-44274/15 തീയതി 17.08.2015 പ്രകാരം തെരുവ് വിളക്കിനുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock in register-ഉം Stock out register-ഉം റീക്കൺസൈൽ ചെയ്യുന്നവെന്നും തെരുവുവിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച് സ.ഉ.(സാധാ)നം.2134/15/ത.സ്വ.ഭ.വ. തീയതി 15.07.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. തൻവർഷം പഞ്ചായത്തിൽ പ്രോജക്ട് നം.SO119/16, SO121/16, SO130/16 എന്നിവ പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവിൻ പ്രകാരമുള്ള നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. മേൽ ഉത്തരവിൻ പ്രകാരം തെരുവ് വിളക്കുകളെ സംബന്ധിക്കുന്ന ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതാണെങ്കിലും അപ്രകാരം ഒന്ന് സൂക്ഷിച്ചിട്ടില്ല. കൂടാതെ സ്റ്റോക്ക്/വിതരണ രജിസ്റ്ററിന്റെ പരിപാലനം കൃത്യമല്ല. പ്രസ്തുത ഉത്തരവു പ്രകാരം ഇലക്ട്രീഷ്യനെ ഇൻഷ്വർ ചെയ്യേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെങ്കിലും ഓഡിറ്റ് എൻക്വയറി 11-ന് നൽകിയ മറുപടിയിൽ ഇലക്ട്രീഷ്യനെ ഇൻഷ്വർ ചെയ്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും ഇലക്ട്രീഷ്യനെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-11 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് - ചെലവുരേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം.SO201/16

പേര് - സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

അടങ്കൽ തുക 50000/- (തനത് ഫണ്ട്)

വൗച്ചർ നം. 21501121/15.02.2016 - 50000/-

കല്ലറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് ഭക്ഷണത്തിനും യൂണിഫോമിനും മറ്റ് ആവശ്യങ്ങൾക്കും ആയാണ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നത്. ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ മിതൃമ്മലയിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചതായി കാണുന്നത്. ഓഡിറ്റ് റിക്വസിഷൻ 4 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ ചെലവു രേഖകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിൽ അംഗങ്ങളായുള്ള കുട്ടികളുടെ എണ്ണം, 17.09.2015, 27.02.2016 എന്നീ തീയതികളിലെ കുട്ടികളുടെ അറ്റൻഡൻസ് എന്നിവ ലഭ്യമല്ല. 38 കുട്ടികൾക്കുമാത്രമാണ് യൂണിഫോം വാങ്ങി നൽകിയിരിക്കുന്നതെങ്കിലും 17.09.2015-ൽ 175 പേർക്കും 27.02.2016-ൽ 150 പേർക്കും ആഹാരം നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിൽ അംഗങ്ങളായ ആകെ കുട്ടികളുടെ എണ്ണം അവരുടെ അറ്റൻഡൻസ് രജിസ്റ്റർ തുടങ്ങിയ രേഖകളുടെ അഭാവത്തിൽ ഇതിനായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 50,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 പശ്ചിമഘട്ട വികസന പദ്ധതി-ചെലവഴിക്കാതെ ലക്ഷങ്ങൾ

2015-16 വർഷം പശ്ചിമഘട്ട വികസന പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് നം.182/15-16, 183/15-16 എന്നിവ പ്രകാരം ആട്ടുവളർത്തൽ പദ്ധതിയ്ക്ക് യഥാക്രമം 11,25,000/- രൂപയും 3,75,000/-രൂപയും വകയിരുത്തിയിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. എസ്.ബി.ടി. അക്കൗണ്ട് നം.67267243726 പ്രകാരം 27.03.2015-ൽ 14,00,000/-രൂപ പശ്ചിമഘട്ട വികസന പദ്ധതിയിൽ അവശേഷിക്കുന്നുണ്ട്. ഇത്രയും ഭീമമായ സംഖ്യ അക്കൗണ്ടിൽ അവശേഷിക്കാതെ ജനോപകാരപ്രദമാക്കേണ്ടിയിരുന്ന ഒരു പദ്ധതി നടപ്പിലാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് നൽകിയ മറുപടിയിൽ പ്രസ്തുത പദ്ധതി 2016-17 വർഷം നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 2016-17 വർഷം നടപ്പിലാക്കാത്ത പക്ഷം മുഴുവൻ തുകയും തിരികെ അടവാക്കേണ്ടതാണ്.

## 3-13 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല

പ്രോജക്ട് നം. - SO063/15-16

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 1,50,000/-

(മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് തുക - 1,50,000/-

ബിൽ നം./തീയതി - 02/15-16 തീയതി 16.01.2016

2015-16 വർഷം മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ഹോമിയോ ഡിസ്പെൻസറിക്ക് നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.ഡി.ഡി.നം.984002 തീയതി 25.01.2016 പ്രകാരം 1,50,000/-രൂപ

ഹോംകോ ആലപ്പുഴയ്ക്ക് നൽകിയത് 30.01.2016-ന് രസീത് നം.1093 ആയി ഹോംകോ മാനേജർ കൈപ്പറ്റ് രസീത് നൽകിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെ ഹോംകോ മരുന്ന് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് 29.11.2016-ന് 05/2016 ആയി മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മരുന്ന് ലഭ്യമാക്കാൻ പലതവണ ടെലഫോൺ മുഖേന ഹോംകോയോട് ആവശ്യപ്പെട്ടിരുന്നു എന്നും, ഇന്റന്റ് ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ഹോംകോയിൽ നിന്നും ലഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. വീണ്ടും ഹോംകോയ്ക്ക് ഇന്റന്റ് നൽകിയതായും മരുന്ന് ലഭിക്കാതായപ്പോൾ 14.11.2016-ന് മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടും മരുന്ന് ലഭ്യമാക്കുകയോ, കത്തിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ ഡി.എം.ഒ., പഞ്ചായത്ത് ഭരണസമിതി എന്നിവർ അടിയന്തിരമായി ഇടപെട്ട് ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഹോമിയോ ഡിസ്പെൻസറികൾക്ക് യഥാസമയം മരുന്ന് ലഭ്യമാക്കാൻ ഹോംകോയ്ക്ക് കഴിയാത്ത അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത് ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതും, ബദൽ സംവിധാനം ഏർപ്പെടുത്താൻ ശ്രമിക്കേണ്ടതുമാണ്.

## 3-14 ഹയർസെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകിയത് ചുമതലാ വിരുദ്ധം

കേരളാ പഞ്ചായത്തിരാജ് ആക്റ്റ് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും, പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് മാത്രമേ ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്നുള്ളൂ. 2015-16 വർഷം ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ്. മുതുവിള നിർവ്വഹണം നടത്തിയ എൽ.പി., യു.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ വിതരണം (പ്രോജക്ട് നം.S092/15-16) എന്ന പ്രോജക്ടിൽ 8 കമ്പ്യൂട്ടറുകളും, 8 പ്രിന്ററുകളും വാങ്ങി നൽകുന്നതിനാണ് 3 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയത്. എന്നാൽ 8 കമ്പ്യൂട്ടറുകൾ മാത്രം വാങ്ങിയതിന് 268000/-രൂപ ചെലവായിട്ടുണ്ട്. 6 കമ്പ്യൂട്ടറുകൾ വിവിധ എൽ.പി. സ്കൂളുകൾക്കും 2 കമ്പ്യൂട്ടറുകൾ മിതൃമ്മല ഗേൾസ് ഹയർസെക്കന്ററി സ്കൂളിനും മിതൃമ്മല ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിനുമാണ് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.9) യ്ക്ക് മറുപടിയായി ടി സ്ക്കൂളുകളിൽ യു.പി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾ ഉള്ളതുകൊണ്ടാണ് കമ്പ്യൂട്ടറുകൾ നൽകിയതെന്നാണ് ഹെഡ്മിസ്ട്രസ്സ് മറുപടി നൽകിയിരിക്കുന്നത്. യു.പി. സ്ക്കൂൾ വിഭാഗത്തിന് വാങ്ങി നൽകിയ കമ്പ്യൂട്ടർ ഉപയോഗിക്കുമെന്ന് മോണിറ്ററിംഗ് സമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 3-15 എൻ.ആർ. സുകുമാരൻ നായർ സ്മാരക ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല

മുതുവിളയിൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എൻ.ആർ. സുകുമാരൻ നായർ സ്മാരക ഗ്രന്ഥശാല രണ്ട് വർഷമായി പ്രവർത്തിക്കുന്നില്ല. രണ്ട് വർഷമായി പ്രവർത്തിക്കാത്ത ഗ്രന്ഥശാലയിലെ ലൈബ്രേറിയനെ ഗ്രാമപഞ്ചായത്തിന്റെ ജോലി ചെയ്യിപ്പിച്ച് ശമ്പളം നൽകുന്നുണ്ട്. വളരെ വർഷത്തെ പഴക്കമുള്ള ഗ്രന്ഥശാലയിൽ 364 പേർ അംഗങ്ങളാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ ബുക്കുകളുടെ എണ്ണം 1502 ആണ്. എന്നാൽ ഗ്രന്ഥശാലയിൽ നടത്തിയ ഭൗതീക പരിശോധനയിൽ ബുക്കുകൾ സൂക്ഷിച്ചിരുന്ന അലമാരകൾ ചില്ലുകൾ ഇല്ലാത്ത നിലയിലും വിലപിടിപ്പുള്ള കൃതികളും നഷ്ടപ്പെട്ടതായും ബോധ്യപ്പെട്ടു. ഇപ്പോൾ 500-ൽ താഴെ പുസ്തകങ്ങൾ മാത്രമാണുള്ളത്. അതു ശരിയായ സംരക്ഷണമില്ലാത്തതിതനാൽ ഉപയോഗശൂന്യമായി നഷ്ടപ്പെട്ട ബുക്കുകൾ എത്രയെന്നും അവയുടെ വില എത്രയെന്നും തിട്ടപ്പെടുത്തി നഷ്ടം ചുമതലപ്പെട്ട ലൈബ്രേറിയനിൽ നിന്നും ഈടാക്കേണ്ടതാണ്. ലൈബ്രേറിയനോടനുബന്ധിച്ച് പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ ധനസഹായത്തിൽ പ്രവർത്തിച്ചിരുന്ന കമ്പ്യൂട്ടർ പരിശീലനകേന്ദ്രവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. തയ്യൽ പരിശീലനം നടക്കുന്നുണ്ട്. നശിച്ചു കൊണ്ടിരിക്കുന്ന കെട്ടിടം സംരക്ഷിക്കുന്നതിനും, ഗ്രന്ഥശാലയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതാണ്. ലൈബ്രറിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുന്നില്ല എങ്കിൽ ലൈബ്രേറിയന്റെ സേവനം അവസാനിപ്പിച്ച്, മറ്റ് തൊഴിലധിഷ്ഠിത പരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്.

## 3-16 ആശ്രയപദ്ധതി-മരുന്നു വിതരണത്തിൽ അവ്യക്തത - അന്വേഷണം അനിവാര്യം

ബിൽ നം.2/15-16 - രൂപ 2,00,000/-

ഡി.ഡി.നം. - 522512 തീയതി 23/9/15 രൂപ 1,95,000/-

അഗതികളെ ഉദ്ദേശിച്ച് നടപ്പാക്കുന്ന ആശ്രയ പ്രോജക്ടിന് സ്പിൽ ഓവറായി 2,00,000/-രൂപ വകയിരുത്തി 1,95,000/-രൂപയ്ക്ക് കാരുണ്യ ഫാർമസി ഔട്ട്ലെറ്റിൽ നിന്നും മരുന്നു വാങ്ങിയതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. 1,95,000/- രൂപയ്ക്ക് മരുന്നു വാങ്ങിയെങ്കിലും 17,061/-രൂപയുടെ ഒറിജിനൽ ബിൽ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങിയിരിക്കുന്നത് വിതുര കമ്മ്യൂണിറ്റി സെന്ററിൽ പ്രവർത്തിക്കുന്ന ഔട്ട്ലെറ്റിൽ നിന്നാണ്. 1,95,000/-രൂപയുടെ ഡി.ഡി. കൈപ്പറ്റിയതിന് കാരുണ്യ ഫാർമസി ലിമിറ്റഡ് എം.ഡിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ഔട്ട്ലെറ്റിന്റെ 14.05.2015-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ V(13)-ാം നമ്പർ

തീരുമാന പ്രകാരം 136/116-ാം നമ്പർ സ്പിൽ ഓവറായ ആശ്രയ പദ്ധതിക്ക് 2015-16 വാർഷിക പദ്ധതിയിൽ നിന്നും 1,77,000/-രൂപ നൽകാൻ തീരുമാനിച്ചു. എന്നാൽ 10.06.2016-ലെ കത്തിൽ ഔട്ട്ലെറ്റിന്റെ ചുമതല വഹിക്കുന്ന ശ്രീ. റജി 177939/-രൂപ മരുന്ന് നൽകിയ ഇനത്തിൽ ലഭിക്കാനുണ്ടെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്പിൽ ഓവറായി എന്നു പറയുന്നെങ്കിലും ഈ പദ്ധതിയെ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട്, ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യമായ മരുന്നുകൾ തുടങ്ങിയ വിശദാംശങ്ങളോ നടപടിക്രമങ്ങളോ മുൻകൂട്ടി തയ്യാറാക്കിയത് ഹാജരാക്കിയിട്ടില്ല. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ലഭിച്ച മൊത്തം മരുന്നുകളും സ്റ്റോക്കിലെടുത്ത് മൊത്തത്തിൽ അന്നേദിവസം തന്നെ ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുള്ളതായിട്ട് കാണുന്നു. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർ ഈ മരുന്നുകൾ കൈപ്പറ്റിയതിന്റെയോ, ആവശ്യാനുസരണം രോഗികൾക്ക് മരുന്ന് വിതരണം നടത്തിയതിന്റെയോ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആശ്രയപദ്ധതി പ്രകാരം സ്ഥിരമായി മരുന്ന് ആവശ്യമുള്ള എത്രപേരുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 7 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയതിന്റെ മറുപടി ലഭ്യമാക്കിയില്ല. ആശ്രയ ലിസ്റ്റ് പരിശോധിച്ചതിൽ അപൂർണ്ണമായും രോഗി/അഗതികളുടെ പേര്/അവരുടെ അവസ്ഥ എന്നിവ കൃത്യമായി രേഖപ്പെടുത്താതെയും കാണുന്നു. കാരുണ്യ ഫാർമസി ഹെഡാഫീസിലേക്ക് മുൻകൂട്ടി ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് സമർപ്പിച്ചതിനനുസരണമായി ഔട്ട്ലെറ്റ് മുഖേന മരുന്നു വാങ്ങി ആശ്രയലിസ്റ്റിലുൾപ്പെട്ട ആൾക്കാർക്ക് ആവശ്യാനുസരണം വിതരണം നടത്തേണ്ടിയിരുന്നു. ഇക്കാരണത്താൽ ഈ പ്രോജക്ടിനായി മുൻപ് മരുന്ന് വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 1,77,939/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-17 പാലിയേറ്റീവ് കെയർ-വാഹനങ്ങൾ സംബന്ധിച്ച്

ക്വട്ടേഷൻ നടപടി ക്രമം പാലിക്കാതെ ആണ് പാലിയേറ്റീവ് കെയർ പ്രോഗ്രാം നടപ്പിലാക്കാൻ വാഹനം വാടകയ്ക്കെടുത്തിട്ടുള്ളത്. കൂടാതെ ഡിപ്പാർട്ട്മെന്റൽ ജീപ്പും ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി. ഡിപ്പാർട്ട്മെന്റ് വെഹിക്കിൾ ഓടിയതിന് ഡീസലും പ്രോജക്ട് തുകയിൽ നിന്നും അടച്ചിട്ടുണ്ട്. KL01 L-15 എന്ന വാഹനത്തിന്റെ മൈലേജ് 7km/l ആണെന്ന് No.H II/15272/15/DHS തീയതി 01.08.2015-ാം നമ്പർ മൈലേജ് സർട്ടിഫിക്കറ്റിൽ കാണുന്നു. പലദിവസങ്ങളിലും കുറഞ്ഞദൂരം ഓടിയതിന് കൂടുതൽ തുകക്ക് ഡീസൽ അടിച്ച് ഇന്ധന ഉപയോഗം കൂടുതലാണ് കാണിച്ചിരിക്കുന്നത്.

ഉദാ: 26/05/2015-ൽ പാലിയേറ്റീവ് കെയർ ടീമുമായി ഡിപ്പാർട്ട്മെന്റ് വെഹിക്കിൾ ലോഗ്ബുക്ക് പ്രകാരം 26കി.മീ. ഓടി. ഇതിനായി മൈലേജ് പ്രകാരം പരമാവധി 4 ലിറ്റർ ഡീസൽ അടിച്ചാൽ മതിയാകും. എന്നാൽ അൽഫാ ഫ്യൂവൽസ് കല്ലറയുടെ 2174/25-06-2015 ബിൽ പ്രകാരം 800/-രൂപ 13.87 ലിറ്റർ ഡീസൽ അടിച്ചു. 9.87 ലിറ്റർ അധികം. ലിറ്ററിന് 57.68 രൂപ പ്രകാരം 569/-രൂപ അധികം ചെലവഴിച്ചു. മറ്റു ദിവസങ്ങളിൽ ഡിപ്പാർട്ട്മെന്റ് വാഹനത്തിന് പാലിയേറ്റീവ് പ്രോജക്ടിൽ നിന്നുള്ള കൂടുതൽ പണം ഡീസൽ അടിക്കാൻ വിനിയോഗിച്ചതിലുള്ള നഷ്ടം ചുവടെ ചേർക്കുന്നു. വണ്ടി നമ്പർ KL-01 L-15. മൈലേജ് 7കി.മീ., പമ്പ് - ആൽഫാ ഫ്യൂവൽസ് കല്ലറ.

| ക്രമ നം. | തീയതി | ഇൻവോയ്സ് നം. | ബിൽ തുക | എത്ര ലിറ്റർ | ഓടിയ ദൂരം | അധികം അടിച്ച ഡീസൽ വില |
|---|---|---|---|---|---|---|
| 1 | 05.06.2015 | 1679/05.06.15 | 800/- (1ലിറ്റർ വില 800/13.52 = 59.17(രൂപ) | 13.52 | 32 കി.മീ.(5 ലിറ്റർ മതിയാകും) | (13.52-5)x 59.17 504/-രൂപ |
| 2 | 20.06.2015 | 2046/20.06.15 | 800 | 13.87 @ 51.67 | 24km (4 ലിറ്റർ മതിയാകും) | 569/- |
| 3 | 07.08.2015 | 3139/7.8.15 | 800 | 14.06 @56.89 | 26കി.മീ. (4ലിറ്റർ മതിയാകും) | 572/- |
| 4 | 08.08.2015 | 3151/08.08.15 | 800 | 15.84 @50.5 | 33കി.മീ. (5ലിറ്റർ മതിയാകും) | 547/- |
| 5 | 15.07.2015 | 2542/15.07.2015 | 800 | 14.06 @ 56.89 | 33കി.മീ. (5ലിറ്റർ മതിയാകും) | 9x56.89 = 512/- |

| | | | | | | |
|---|---|---|---|---|---|---|
| 6 | 20.08.2015 | 3339/20.08.15 | 800 | 16.87 ലിറ്റർ @ 47.428) | 26കി.മീ. (4 ലിറ്റർ മതിയാകം) | 12.87 x 47.42 = 610/- |
| 7 | 16.09.2015 | 3568/16.9.15 | 800 | 16.87 @ 47.42 | 16കി.മീ. (3 ലിറ്റർ മതിയാകം) | 13.87 x 47.42 = 658/- |
| 8 | 10.07.15 | 2431/10.7.15 | 800 | 16.25 @ 49.23 | 14കി.മീ. (2ലിറ്റർ മതിയാകം) | 12.25 x 49.23 = 603/- |
| 9 | 14.10.2015 | 3836/14.10.15 | 800 | 16.25 @ 49.23 | 16 കി.മീ. (3ലിറ്റർ മതിയാകം) | 13.25 x 49.23 = 652/- |
| 10 | 21.10.2015 | 3940/21.10.15 | 800 | 15.93 @ 50.22 | 40 കി.മീ. (6ലിറ്റർ മതിയാകം) | 9.93 x 50.22 = 499/- |
| 11 | 18.11.2015 | 11403/18.11.15 | 800 @ 51.18 | 15.63 | 21കി.മീ. (3ലിറ്റർ മതിയാകം) | 646/- |
| 12 | 21.11.2015 | 11601/21.04.15 | 800 @ 51.18 | 15.63 | 26 കി.മീ. (4 ലിറ്റർ മതിയാകം) | 595/- |
| 13 | 29.12.2015 | 12704/29.12.15 | 800 @ Rs.50.44 | 15.86 | 23കി.മീ. (4ലിറ്റർ മതിയാകം) | 598/- |
| 14 | 23.01.2016 | 13004/23.01.16 | 800 @ 48.33 | 16.55 | 46 കി.മീ. (7ലിറ്റർ മതിയാകം) | 462/- |
| 15 | 17/02/15 | 14680/17/2/15 | 800 @ 48.33 | 16.55 | 32 കി.മീ. (5 ലിറ്റർ മതിയാകം) | 558/- |
| 16 | 27/2/16 | 14735/27.02.16 | 800 @ 48.6 | 16.46 | 30കി.മീ. (5ലിറ്റർ മതിയാകം) | 557/- |
| 17 | 17/3/16 | 15610/17.03.16 | 800 @48.6 | 16.46 | 39കി.മീ. (6ലിറ്റർ മതിയാകം) (6x7 = 42 km) | 508/- |
| | ആകെ അധികം നൽകിയ തുക | | | | | 9650/- |

മേൽ സൂചിപ്പിച്ച തുകയ്ക്കുള്ള ഡീസൽ, ഡിപ്പാർട്ടുമെന്റ് ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആയതിനാൽ പാലിയേറ്റീവ് കെയർ അക്കൗണ്ടിലേയ്ക്കുള്ള ഈ തുക വകമാറ്റേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. ഈ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 375000 | ഭവനനിർമ്മാണം (എസ്.സി.) | 270000 | 105000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | Post Shifting | 1024267 | 26306 | | completed | |
| KSEB | Post Shifting | 9819 | 10842 | | completed | |
| KSEB | Post Shifting | Ch.10004/4.3 | 6381 | | | |
| KSEB | Post Shifting | 4675980 | 3628 | | | |
| KSEB | Post Shifting | 4675980 | 19768 | | | |
| KSEB | Post Shifting | | 10292 | | | |
| KWA | Ozhukupara Line Extension | 522232 | 608208 | 608208 | | |
| KWA | Thumpode Water Tank | 522233 | 290000 | 290000 | completed | 97933 |
| KWA | Anganwadi, School water connection | 855 | 432135 | | | |
| KWA | valakkuzhipacha line extension | 994 | 163340 | | | |
| KWA | Anampachacolony line extension | 7723940 | 259335 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നകിയത്

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നകിയത്

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നകിയത്

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നകിയത്

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 831/10 /എൽ.എസ്.ജി.ഡി. തീയതി 11.03.2010 | 14095500 | 7028733 | 1162425 | - | 5866308 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,11,80,732 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,61,16,126 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 91,736.52 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,73,4452.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | - | 72086.52 | ലേഖ. കെ.ആർ., അസി. എഞ്ചിനീയർ |
| 3.3 | - | 10000.00 | ഡോ. ജി. മധുസൂദനൻപിള്ള, വെറ്ററിനറി സർജൻ |
| 3.18 | | 9650.00 | ശ്രീമതി. പത്മകേസരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

| | | |
|---|---|---|
| ആകെ | 91736.52 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 23256 | | ശ്രീമതി. ലൈജു. വി.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-4 | 1680070 | 836435 | ശ്രീ. അഷറഫുദ്ദീൻ, സെക്രട്ടറി |
| | | 843635 | ശ്രീമതി. എം. നൂർജഹാൻ (സെക്രട്ടറി) |
| 3-5 | 925646 | | ശ്രീമതി. എം. നൂർജഹാൻ (സെക്രട്ടറി) |
| 3-6 | 1,00,000 | | ശ്രീ. എം. അഷറഫ് അസി. സെക്രട്ടറി |
| 3-17 | 9650 | | ശ്രീമതി. പത്മകേസരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 2738622 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സ്ഥാപനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലേഖ. കെ.ആർ., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് | 'തൃക്കാർത്തിക', കരിക്കകം, ചായം, വിതുര. പി.ഒ. |
| ശ്രീമതി. ലൈജു. പി.എസ്സ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 'നിർഭയ', on Deputation | ശ്രുതി, Opp. സി.എസ്.ഐ. മിഷൻ ഹോസ്പിറ്റൽ, കഴക്കൂട്ടം |
| ശ്രീ. ഡോ. ജി. മധുസൂദനൻപിള്ള, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കല്ലറ ഗ്രാമപഞ്ചായത്ത് | 'ശിവകൃപ', തുമ്പോട്, കല്ലറ. പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/സി-163/03 തീയതി 02.07.2014 | 5 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1006/03 തീയതി 02.07.2014 | 5 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/207/(എ)/05 തീയതി 02.07.2014 | 15 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/207(ബി)/05 തീയതി 02.07.2014 | 6 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/863/06 തീയതി 02.07.2014 | 9 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/887/08 തീയതി 02.07.2014 | 17 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1008/08 തീയതി 02.07.2014 | 28 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/547/11 തീയതി 02.07.2014 | 9 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/548/11 തീയതി 02.07.2014 | 11 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/871/12 തീയതി 02.07.2014 | 12 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/872/12 തീയതി 10.07.2014 | 27 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/431/15 തീയതി 18.05.2015 | 20 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/2609/14 തീയതി 12.03.2015 | 26 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം..ജി.പി.10/378/16 തീയതി 18.03.2016 | 18 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം..ജി.പി.10/1378/16 തീയതി | 40 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആർ.എസ്.30.12.16

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ value based ആയി എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്